**15 -ാം കേരള നിയമസഭ**

**11 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 4372** **01-07-2024 - ൽ മറുപടിയ്ക്ക്**

**സ്വർണ്ണാഭരണ വില്പനയിലെ നികുതി വെട്ടിപ്പ്**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ഡോ. മാത്യു കുഴൽനാടൻ | | ശ്രീ കെ എൻ ബാലഗോപാൽ<br>(ധനകാര്യ വകുപ്പ് മന്ത്രി) | |
| (എ) | സംസ്ഥാനത്ത് സ്വർണ്ണാഭരണ വില്പനയിലൂടെ നികുതി ഇനത്തിൽ പ്രതിവർഷം എത്ര രൂപ ലഭിക്കുന്നുണ്ടെന്ന് പരിശോധിച്ചിട്ടുണ്ടോ; എങ്കിൽ 2016 മുതൽ ലഭിച്ച നികുതി വരുമാനം എത്ര രൂപയാണെന്ന് സാമ്പത്തികവർഷം തിരിച്ച് 2016 ഏപ്രിൽ മുതൽ 2024 മാർച്ച് വരെയുള്ള കണക്ക് ലഭ്യമാക്കാമോ; | (എ) | പരിശോധിച്ചിട്ടുണ്ട്. ജി.എസ്.ടി. സംവിധാനത്തിൽ ചരക്കുകളുടെയും സേവനങ്ങളുടെയും വ്യവസ്ഥാപിതമായ തരംതിരിക്കൽ നിർവഹിച്ചിരിക്കുന്നത് HSN (Harmonized System of Nomenclature), SAC (Service Accounting Code)എന്നിവയുടെ അടിസ്ഥാനത്തിലാണ്. നിലവിലുള്ള ജി.എസ്.ടി. റിട്ടേൺ സംവിധാനത്തിൽ ഒരു നികുതിദായകൻ ടിയാൻ സപ്ലൈ ചെയ്യുന്ന ചരക്കുകളുടെയും സേവനങ്ങളുടെയും ആകെ വിറ്റുവരവ് മൊത്തമായി കണക്കാക്കി ആണ് "ഔട്ട് വേർഡ് സപ്ലൈസ് (B2B & B2C)" രേഖപ്പെടുത്തുന്നത്. റിട്ടേണിൽ നികുതി നിരക്ക് തിരിച്ചോ HSN/SAC കോഡ് തിരിച്ചോ ഉള്ള വിറ്റുവരവിന്റെ കണക്കുകൾ ഒരു നികുതിദായകൻ രേഖപ്പെടുത്തുന്നില്ല. ഈ കാരണങ്ങളാൽ സ്വർണ്ണ വിൽപ്പനയിലൂടെ മാത്രം ലഭിച്ച നികുതി വരുമാനം കൃത്യമായി കണക്കാക്കുക പ്രായോഗികമല്ല. ആയതിനാൽ സ്വർണ്ണത്തിൽ നിന്നുള്ള വരുമാനത്തിന്റെ സ്ഥിതീകരിച്ച കണക്കുകൾ പ്രത്യേകമായി വകുപ്പിൽ ലഭ്യമല്ല. |
| (ബി) | വേൾഡ് ഗോൾഡ് കൗൺസിലിന്റെ കണക്ക് പ്രകാരം സ്വർണ്ണത്തിന്റെ ഉപഭോഗം ഏറ്റവും കൂടുതലുള്ള സംസ്ഥാനം കേരളം ആണെന്ന വിവരം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; സംസ്ഥാനത്ത് നടക്കുന്ന സ്വർണ്ണ വില്പനയുടെ 20% പോലും നികുതി വിധേയമാകുന്നില്ലെന്നും രാജ്യത്ത് സ്വർണ്ണക്കള്ളക്കടത്ത് നടക്കുന്ന സംസ്ഥാനങ്ങളിൽ കേരളം മുൻപന്തിയിലാണെന്നുമുള്ള കേന്ദ്ര സംസ്ഥാന സർക്കാരുകളുടെ ഇന്റലിജൻസിന്റെ റിപ്പോർട്ട് ലഭിച്ചിട്ടുണ്ടോ; എങ്കിൽ അത് സർക്കാരോ നികുതി വകുപ്പോ പരിശോധിച്ചിട്ടുണ്ടോ; | (ബി) | അത്തരം റിപ്പോർട്ടുകൾ ശ്രദ്ധയിൽപ്പെട്ടിട്ടില്ല. |

| | | | |
|---|---|---|---|
| (സി) | സംസ്ഥാനത്ത് ഏറ്റവും കൂടുതൽ സ്വർണ്ണാഭരണ നിർമ്മാണശാലകളുള്ളതും നികുതി വിധേയമല്ലാത്ത കച്ചവടങ്ങൾ വ്യാപകമാണെന്ന ആക്ഷേപമുള്ളതുമായ തൃശ്ശൂർ ജില്ല കേന്ദ്രീകരിച്ച് സംസ്ഥാന ജി.എസ്.ടി. വകുപ്പ് എന്തെങ്കിലും പരിശോധനകൾ നടത്തിയിട്ടുണ്ടോ; ഉണ്ടെങ്കിൽ എത്ര രൂപയുടെ നികുതി വെട്ടിപ്പ് കണ്ടെത്തിയിട്ടുണ്ട് എന്നറിയിക്കാമോ; | (സി) | പരിശോധനകൾ നടത്തിയിട്ടുണ്ട്. തൃശ്ശൂർ ജില്ല കേന്ദ്രീകരിച്ച് പ്രവർത്തിക്കുന്ന അഞ്ച് സ്വർണ്ണാഭരണശാലകളിൽ സംസ്ഥാന ചരക്ക് സേവന നികുതി വകുപ്പ് ഇന്റലിജൻസ് വിഭാഗം പരിശോധന നടത്തുകയും ഇക്കഴിഞ്ഞ സാമ്പത്തിക വർഷം തന്നെ ഏകദേശം പത്ത് കോടിയോളം രൂപയുടെ നികുതി വെട്ടിപ്പ് കണ്ടെത്തി നടപടികൾ എടുക്കുകയും ചെയ്തിട്ടുണ്ട്. |
| (ഡി) | സംസ്ഥാനത്തേക്ക് കോയമ്പത്തൂർ വിമാനത്താവളം വഴി വൻതോതിൽ സ്വർണ്ണക്കള്ളക്കടത്ത് നടക്കുന്നുവെന്നും അത് റോഡ്, റെയിൽ മാർഗം തൃശ്ശൂർ എത്തുന്നതായും അവിടെനിന്നും ഈ സ്വർണ്ണം ആഭരണമാക്കി സംസ്ഥാനത്തിന്റെ വടക്കൻ ജില്ലകളിലോട്ടും തെക്കൻ ജില്ലകളിലോട്ടും വ്യാപകമായി വിപണനം നടത്തുന്നുവെന്നുമുള്ള ആക്ഷേപം പരിശോധിച്ചിട്ടുണ്ടോ; | (ഡി) | വിമാനത്താവളം വഴി സ്വർണ്ണ കള്ളക്കടത്ത് തടയുന്നതിനുള്ള നടപടികൾ സ്വീകരിക്കുന്നതിനുള്ള അധികാരം കസ്റ്റംസ് നിയമങ്ങൾക്ക് കീഴിലാണുള്ളത്. ടി നിയമം ചരക്ക് സേവനനികുതി വകുപ്പല്ല നടപ്പിലാക്കുന്നത്.കേരളത്തിലെ വിൽപ്പനയുമായി ബന്ധപ്പെട്ടുള്ള നികുതിവെട്ടിപ്പ് തടയുന്നതിൽ വകുപ്പ് എപ്പോഴും ബദ്ധശ്രദ്ധരാണ്. |
| (ഇ) | സ്വർണ്ണ മേഖലയിലെ നികുതി വെട്ടിപ്പ് തടയാൻ ഇ-വെയ് ബില്ല് പര്യാപ്തമാണെന്ന അഭിപ്രായം സർക്കാരിനുണ്ടോ; രണ്ട് ലക്ഷം രൂപയ്ക്ക് മുകളിലുള്ള ബിസിനസ് ആവശ്യത്തിനുള്ള സ്വർണ്ണാഭരണങ്ങളുടെ സംസ്ഥാനാന്തര നീക്കത്തിന് ജി.എസ്.ടി. കൗൺസിൽ അനുമതി നൽകിയിരുന്നോ; എങ്കിൽ എന്ന്; പ്രസ്തുത തീരുമാനത്തിലേക്ക് ജി.എസ്.ടി. കൗൺസിലിനെ നയിച്ചത് സംസ്ഥാന ധനമന്ത്രിയുടെ നേതൃത്വത്തിലുള്ള ഗ്രൂപ്പ് ഓഫ് മിനിസ്റ്റേഴ്സിന്റെ ശിപാർശ പ്രകാരമായിരുന്നോ; വ്യക്തമാക്കാമോ; | (ഇ) | സ്വർണ്ണ മേഖലയിൽ വെട്ടിപ്പ് തടയുന്നതിന് ഈ വേ ബിൽ സഹായിക്കും.രണ്ട് ലക്ഷം രൂപയ്ക്ക് മുകളിലുള്ള ബിസിനസ് ആവശ്യത്തിനുള്ള സ്വർണ്ണാഭരണങ്ങളുടെ സംസ്ഥാനത്തിനകത്തുള്ള നീക്കത്തിന് ഇ-വേ ബിൽ നടപ്പിലാക്കാൻ ജി.എസ്.ടി. കൗൺസിൽ അനുമതി നൽകിയിട്ടുണ്ട്. 2023 ജൂലൈ 11 ന് കൂടിയ 50 -ാംമത് GST Council യോഗമാണ് സ്വർണ്ണത്തിന്റെയും വിലയേറിയ രത്നങ്ങളുടേയും സംസ്ഥാനത്തിനകത്തുള്ള നീക്കങ്ങൾക്കു ഇ-വേ ബിൽ നടപ്പിലാക്കാൻ തീരുമാനിച്ചത്.<br><br>പ്രസ്തുത തീരുമാനത്തിലേക്ക് ജി.എസ്.ടി. കൗൺസിലിനെ നയിച്ചത് സംസ്ഥാന ധനമന്ത്രിയുടെ നേതൃത്വത്തിലുള്ള ഗ്രൂപ്പ് ഓഫ്മിനിസ്റ്റേഴ്സിന്റെ ശിപാർശ പ്രകാരമായിരുന്നു; മറ്റു ചരക്കുകളെപ്പോലെ സ്വർണ്ണത്തിന്റെ ചരക്കു നീക്കങ്ങൾക്കും ഇ-വേബിൽ നിർബന്ധമാക്കണം എന്ന ആവശ്യം കേരളം ജി.എസ്.ടി.കൗൺസിലിൽ മുന്നോട്ട് വെച്ചതിനെ തുടർന്ന് മുപ്പത്തിയേഴാമത് ജി.എസ്.ടി. കൗൺസിൽ ഇത് സംബന്ധിച്ച് പഠിക്കുന്നതിനും റിപ്പോർട്ട് നൽകുന്നതിനുമായി കേരള ധനകാര്യവകുപ്പ് മന്ത്രി കൺവീനർ ആയി മന്ത്രിമാരുടെ കൂട്ടായ്മ (GOM) രൂപീകരിച്ചു. തുടർന്ന് GOM ഇക്കാര്യം ചർച്ച ചെയ്യുകയും ഇത് സംബന്ധിച്ച അന്തിമ തീരുമാനവും ചട്ടങ്ങൾ ഭേദഗതി ചെയ്യുവാനുള്ള നടപടികളും 50-ാംത് ജി.എസ്.ടി. കൗൺസിൽ ശിപാർശ ചെയ്തു. |

| | | | |
|---|---|---|---|
| (എഫ്) | ജി.എസ്.ടി. കൗൺസിലിന്റെ അനുമതി അനുസരിച്ചുള്ള ഇ-വെയ് ബിൽ സംവിധാനം സംസ്ഥാനത്ത് നടപ്പിലാക്കുന്നതിനുള്ള തടസ്സം എന്തെല്ലാമാണെന്ന് വ്യക്തമാക്കാമോ? | (എഫ്) | നിലവിലെ ജി.എസ്.ടി. ചട്ടങ്ങളനുസരിച്ച് രണ്ടുലക്ഷം രൂപയോ അതിന് മുകളിലുള്ള തുകയോ (അത് സംസ്ഥാന, കേന്ദ്ര ജി.എസ്.ടി. അധികാരികൾ തീരുമാനിച്ച് നോട്ടിഫൈ ചെയ്യുന്നത് ഏതാണോ കൂടുതൽ അത്) ഉള്ള സ്വർണ്ണത്തിന്റെയും വിലയേറിയ രത്നങ്ങളുടേയും സംസ്ഥാനത്തിനകത്തുള്ള നീക്കങ്ങൾക്കു മാത്രമേ ഇ-വേ ബിൽ ബാധകമാകുന്നുള്ളൂ. ഇതിന്റെ വിവിധ വശങ്ങൾ പരിശോധിച്ച് എത്രയും വേഗം നടപ്പിൽ വരുത്തുന്നതിനുള്ള നോട്ടിഫിക്കേഷനുകൾ പുറപ്പെടുവിക്കാനുള്ള നടപടികൾ സ്വീകരിച്ച് വരുന്നു. |

സെക്ഷൻ ഓഫീസർ